**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** **16-09-2025 - ൽ മറുപടിയ്ക്ക്**

**മാലിന്യമുക്ത നവകേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജനകീയ ഇടപെടലിലൂടെ സാമൂഹികനേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ മാലിന്യ നിർമ്മാർജ്ജനത്തിൽ ലോകത്തിന് മാതൃകയാക്കാവുന്ന പ്രവർത്തനങ്ങൾ കേരളം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്<br><br>സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് മാലിന്യമുക്തം നവകേരളം ജനകീയക്യാമ്പയിനിലൂടെ കേരളം നടത്തി വരുന്നത്.<br><br>വിഭവ വീണ്ടെടുക്കലിനെക്കാളുപരി ഇൻസിനറേഷനും ലാന്റ്ഫില്ലിംഗുമാണ് വികസിത രാജ്യങ്ങളിൽ പോലും മാലിന്യ നിർമ്മർജനത്തിന് അനുവർത്തിച്ചുവരുന്നത്.<br><br>എന്നാൽ സർക്കുലർ എക്കോണമി സമീപനത്തിന്റെ അടിസ്ഥാനത്തിൽ ഉറവിടത്തിൽ തരംതിരിച്ച് ജൈവമാലിന്യം-ഇന്ധനം, കംപോസ്റ്റ്, സ്ലറി (ദ്രവരൂപത്തിലുള്ള കംപോസ്റ്റ്) എന്ന രീതിയിൽ വിഭവം വീണ്ടെടുത്ത് മണ്ണിന്റെ ജൈവസംപുഷ്ടീകരണത്തിനും ഇന്ധനത്തിനുമായി ഉപയോഗിക്കുന്ന രീതിയാണ് കേരളം അനുവർത്തിക്കുന്നത്.<br><br>അജൈവപാഴ്വസ്തുക്കൾ പരമാവധി ഉറവിടത്തിൽ തരംതരിച്ച് പുനരുപയോഗം നടത്തുകയും പുനചംക്രമണം വഴി വ്യവസായ അസംസ്കൃത വസ്തുക്കളായി മാറ്റാൻ ശ്രമിക്കുന്നത് വഴി എല്ലാ വസ്തുക്കളുടേയും പരമാവധി ഉപയോഗം ഉറപ്പാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രകൃതിയ്ക്ക് ദോഷം വരുത്താത്ത രീതിയിൽ സംസ്കരിക്കുന്നതിനുമുള്ള സമ്പ്രദായമാണ് കേരളം ജനകീയമായി നടത്തി വരുന്നത്. ഇതോടൊപ്പം മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുന്നതിനുള്ള ഹരിതചട്ടപാലനവും ഏറെ വ്യത്യസ്ഥമായ ഒന്നാണ്. മാലിന്യ പരിപാലനത്തിന്റെ രീതി, മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ പരിപാലനം പുനരുപയോഗ വ്യാപനത്തിനുള്ള സ്വാപ്ഷോപ്പുകൾ , ജനകീയ മോണിറ്ററിംഗ് സംവിധാനം മാലിന്യങ്ങൾ |

| | | | |
|---|---|---|---|
| | | | അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതും വലിച്ചെറിയുന്നതും ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി സിംഗിൾ വാട്സ്ആപ്പ് നമ്പർ (9446700800) ഡിജിറ്റൽ മോണിറ്ററിംഗ് സിസ്റ്റം ഇങ്ങനെ വളരെ വ്യത്യസ്തമായ മാതൃകകളാണ് കേരളം ആവിഷ്കരിച്ചിരിക്കുന്നത്.<br><br>ദ്രവമാലിന്യ സംസ്കരണത്തിനായി വിവധ ജില്ലകളിലായി STP / FSTP കൾ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സഞ്ചരിക്കുന്ന ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളും വിവധ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങി ഉപയോഗിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഹരിതകർമ്മസേന ശേഖരിക്കുന്ന ഇ-മാലിന്യങ്ങൾ പൂർണ്ണമായും സംസ്കരിക്കാനാകുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; ഇ-മാലിന്യങ്ങളിലടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുക്കുന്ന അർബൻ മൈനിങ് സംവിധാനം കേരളത്തിലും ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>ഹരിത കർമ്മ സേന ശേഖരിക്കുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ സമ്പൂർണ്ണമായും ശാസ്ത്രീയമായും സംസ്കരിക്കുന്നതിന്, അംഗീകൃത റീ സൈക്കിളിംഗ് ഏജൻസികൾക്ക് നൽകുന്നു. ഹരിത കർമ്മ സേന വീടുകളിൽ നിന്നും പൈലറ്റ് അടിസ്ഥാനത്തിൽ 2024 ഡിസംബർ മാസം ഇ-മാലിന്യം ശേഖരണം നടത്തുകയും, തുടർന്ന് എല്ലാ നഗര സഭകളിൽ നിന്നും ഇ മാലിന്യ ശേഖരണം നടത്തിയിട്ടുണ്ട്. രണ്ടാം ഘട്ടമായി ഗ്രാമ പഞ്ചായത്തിൽ നിന്നും ശേഖരിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നു. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇ മാലിന്യ പരിപാലന ഫെസിലിറ്റി ക്ലീൻ കേരള കമ്പനി മുഖേന ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ ഇ-മാലിന്യങ്ങളിൽ അടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുക്കുന്ന അർബൻ മൈനിങ് സംവിധാനം ആരംഭിക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കുന്നതാണ്. മലപ്പുറം കുറ്റിപ്പുറത്ത് ഇ-വേസ്റ്റ് റീസൈക്ലിങ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വികസിപ്പിച്ചിട്ടുള്ള നൂതന സാങ്കേതികവിദ്യകൾ സംസ്ഥാനത്ത് പ്രയോജനപ്പെടുത്തുന്നതിനും മാലിന്യ നിർമ്മാർജ്ജന രംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>കേരളത്തിൽ മാലിന്യ നിർമ്മാർജ്ജന രംഗത്ത് സ്റ്റാർട്ടപ്പുകൾക്കും നൂതന സാങ്കേതിക വിദ്യകളും ഉൾപ്പെടുത്തിയുള്ള നിരവധി നയങ്ങൾ, പ്രോജക്റ്റുകൾ, നിക്ഷേപഉപായങ്ങൾ തുടങ്ങിയവ നിലവിലുണ്ട്. ശുചിത്വ മിഷൻ, സ്റ്റാർട്ടപ്പ് മിഷൻ, കെ.എസ്.ഐ.ഡി.സി. എന്നീ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | സ്റ്റാർട്ടപ്പുകൾക്കും നിക്ഷേപകർക്കും അവസരമൊരുക്കുവാനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റുകൾ ക്ഷണിക്കുകയും, വിവിധ ടെക്നിക്കൽ ഹാക്കത്തോണുകൾ സംഘടിപ്പിക്കുകയും ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച്, മാലിന്യ സംസ്കരണ രംഗത്തെ നിലവിലെ വിടവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു. ഇവ സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും “waste-to-wealth” സൃഷ്ടിക്കും സഹായകമാണ്. Keltron-ഉം സംസ്ഥാന സർക്കാരും ചേർന്ന് Smart Garbage Monitoring System (SGMS) പോലുള്ള പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. ഹരിത മിത്രം ആപ്പ്, മാലിന്യ ശേഖരണം, സംഭരണം, എന്നിവയുമായി പ്രവർത്തിച്ച് വരുന്ന മറ്റ് സോഫ്റ്റ് വെയറുകൾ എന്നിവ മുഖാന്തിരം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ, അളവ് രേഖപ്പെടുത്തിക്കൊണ്ടുള്ള മാലിന്യ ശേഖരണം, ട്രാക്കിംഗ്, പരാതി കൈകാര്യം ചെയ്യൽ തുടങ്ങിയവ മെച്ചപ്പെട്ടു വരുന്നു. ഈ മേഖലയിലേക്ക് കൂടുതൽ സ്ഥാപനങ്ങളെ ആകർഷിക്കുന്നതിലേക്കായി ഗ്രീൻ എന്റർപ്രൈസസ്സ് പോളിസികളും പരിശോധിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് മാലിന്യ ശേഖരണം സജീവമായതോടെ മാലിന്യം വേർതിരിക്കാനും സംസ്കരിക്കാനും കൂടുതൽ പ്ലാന്റുകളുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്.<br><br>സംസ്ഥാനത്ത് മാലിന്യത്തിന്റെ ശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവയ്ക്ക് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്താനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>നിലവിൽ ഹരിത കർമ്മ സേനകൾ മുഖേന ശേഖരിക്കുന്ന പാഴ് വസ്തുക്കളുടെ ശാസ്ത്രീയ പരിപാലനത്തിനായി മിനി എം.സി. എഫ്-കൾ, എം.സി.എഫ്-കൾ, ജില്ലാതലത്തിൽ ക്ലീൻ കേരള കമ്പനി മുഖേനയുള്ള ആർ.ആർ.എഫ്-കൾ ,എന്നിവ തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പാഴ് വസ്തുക്കളുടെ ആദ്യ ഘട്ട തരാം തിരിവ് എം.സി. എഫ്-കളിലും, രണ്ടാം ഘട്ട തരാം തിരിവ് ആർ.ആർ.എഫ്- കളിലും നടക്കുന്നു. കൂടാതെ ബെയ്‌ലിങ് മെഷീൻ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളും നടക്കുന്നു.<br><br>കുന്നംതാനത്ത് ഗ്രീൻ പാർക്ക് എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച പ്ലാസ്റ്റിക് റീസൈക്ലിങ് ഫെസിലിറ്റി, മലപ്പുറം ജില്ലയിൽ കുറ്റിപ്പുറത്ത് ഇതേ രീതിയിൽ ആരംഭിക്കുന്ന ഫെസിലിറ്റി നിഷ്ക്രിയ പാഴ്വസ്തുക്കളുടെ ശാസ്ത്രീയ പരിപാലനം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി മേഖലാ അടിസ്ഥാനത്തിൽ CKCL മുഖേന ആരംഭിക്കുന്ന 5 ആർ.ഡി.എഫ് പ്ലാന്റുകൾ സാനിറ്ററി മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനായി 4 ക്ലസ്റ്ററുകളിലായി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സാനിറ്ററി ഇൻസിനെറേറ്റർ ഫെസിലിറ്റികൾ എന്നിവ മാലിന്യ സംസ്കരണ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമാണ്. |
| (ഇ) | ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനും അതിന്റെ പുനരുപയോഗത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്.<br><br>കടലിനെയും കടലോരത്തേയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും മത്സ്യത്തൊഴിലാളികളുടെയും ബോട്ടുടമകളുടെയും പൊതുജനങ്ങളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കി മത്സ്യബന്ധന വകുപ്പിന്റെ ആഭിമുഖ്യത്തിൽ "ശുചിത്വ സാഗരം സുന്ദര തീരം" പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിൽ നിന്നും ശേഖരിക്കുകയും ഇത്തരത്തിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ തീരദേശ തദ്ദേശ സ്ഥാപനങ്ങളുടെ എം.സി.എഫ്-കളിൽ ശേഖരിക്കുകയും ക്ലീൻ കേരള കമ്പനി മുഖാന്തിരം നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ